DESPATCHED
On...9/6/2020
7.2.2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.1392(2)/2019**/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.8758/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. അനൂപ് വി.<br>പി.ബി.നം-1<br>ആലംകോട് പി.ഒ,<br>തിരുവനന്തപുരം-695102 | അപ്പീൽ ഹർജിക്കാരൻ |

V/s

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>പൊതുവിദ്യാഭ്യാസ വകുപ്പ് ,<br>സെക്രട്ടറിയറ്റ്<br>2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് കേരള<br>ഗവ.സെന്റട്രൽ ഹൈസ്കൂൾ ക്യാമ്പസ്<br>അട്ടക്കുളങ്ങര, ഈസ്റ്റ് ഫോർട്ട്<br>തിരുവനന്തപുരം-695036<br>3. അപ്പീൽ അധികാരി,<br>പൊതുവിദ്യാഭ്യാസ വകുപ്പ്,<br>സെക്രട്ടറിയറ്റ്<br>4. അപ്പീൽ അധികാരി,<br>സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ്<br>ആന്റ് ട്രെയിനിംഗ് കേരള<br>ഗവ.സെന്റട്രൽ ഹൈസ്കൂൾ ക്യാമ്പസ്<br>അട്ടക്കുളങ്ങര, ഈസ്റ്റ് ഫോർട്ട്<br>തിരുവനന്തപുരം-695036 | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.02.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 16.03.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 29.03.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.05.2019 |

RIGHT TO INFORMATION

| | |
|---|---|
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.05.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03.09.2019, 14.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28.09.2019, 25.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.10.2019 കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 31.01.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളെ ഒറ്റ യൂണിറ്റ് ആക്കുന്ന വിഷയം ദേശീയ വിദ്യാഭ്യാസ അവകാശനിയമത്തിൽ പ്രതിപാദിക്കുന്നുണ്ടെങ്കിൽ പ്രസ്തുത പരാമർശത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഇനം 2 ൽ 8-ാം ക്ലാസ്സിനു മുകളിലുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് ദേശീയ വിദ്യാഭ്യാസ അവകാശനിയമത്തിൽ പ്രതിപാദിക്കുന്നുണ്ടെങ്കിൽ പ്രസ്തുത പരാമർശത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും തുടങ്ങി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 16.02.2019 തീയതി നൽകിയ മറുപടിയിൽ 12 ഇനങ്ങൾക്കും മറുപടി നൽകുകയും, 13 മുതൽ 15 വരെയുള്ള ഇനങ്ങൾക്ക് ടി ഓഫീസിലെ എസ്.പി.ഐ.ഒ യുടെ കൈവശം ലഭ്യമല്ലെന്നും, ടി വിവരം ലഭ്യമാണെങ്കിൽ നൽകാനായി സീമാറ്റ് എസ്.പി.ഐ.ഒയ്ക്കും, ഒരു പകർപ്പ് ചെയർമാൻ ഖാദർ കമ്മിറ്റിയ്ക്കും നൽകിയിട്ടുണ്ടെന്നുമാണ്. 26.03.2019 ന് സീമാറ്റ് എസ്.പി.ഐ.ഒ (രണ്ടാം എതിർകക്ഷി) അറിയിച്ചത് ഇനം നമ്പർ 13,14,15 എന്നിവയ്ക്കുള്ള വിവരങ്ങൾ ഒന്നും തന്നെ ടി ഓഫീസിൽ ലഭ്യമല്ലെന്നാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 15.03.2019 തീയതി മൂന്നാം എതിർകക്ഷിയുടെയും മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ 13,14,15 എന്നീ ചോദ്യങ്ങൾക്ക് സമയപരിധി കഴിഞ്ഞിട്ടും മറുപടി

നൽകിയില്ലെന്നും 6,7 എന്നിവയുടെ മറുപടികൾ തൃപ്തികരമല്ലെന്നും 4,5,8,9,10,11 എന്നിവയ്ക്ക് ഫീസ് അടച്ചുവെങ്കിലും പകർപ്പുകൾ ലഭ്യമായില്ലെന്നുമാണ്.

5. 16.03.2019 തീയതി മൂന്നാം എതിർകക്ഷിയുടെയും മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ 13,14,15 എന്നീ ചോദ്യങ്ങൾക്ക് സമയപരിധി കഴിഞ്ഞിട്ടും മറുപടി നൽകിയില്ലെന്നാണ്.

6. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ മൂന്നാം എതിർകക്ഷി 29.03.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, സീമാറ്റ് കേരള എസ്.പി.ഐ.ഒ യ്ക്ക് വിവരാവകാശ അപേക്ഷ നൽകിയിട്ടില്ലാത്തതിനാൽ അപ്പീൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ അപ്പീൽ അധികാരിക്കാണ് നൽകേണ്ടതെന്നാണ്.

7. 28.09.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ നൽകിയ വിവരാവകാശ അപേക്ഷ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിൽ നിന്നും 06.03.2019 ൽ അയച്ചുകിട്ടിയ 16.02.2019 ലെ കത്തിലെ നിർദ്ദേശമനുസരിച്ച് ടി ഓഫീസിൽ ലഭ്യമായ വിവരങ്ങളെല്ലാം വിവരാവകാശ നിയമപ്രകാരം ഹർജിക്കാരന് നൽകിയെന്നും, ചട്ടപ്പടിയല്ലെങ്കിലും നൽകിയ അപ്പീലിനും മറുപടി നൽകിയെന്നും, ഈ നൽകിയതിൽ കൂടുതലായൊന്നും മറുപടി നൽകാനില്ലെന്നുമാണ്.

8. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാ രൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലെന്നും ആയതിനാൽ മറുപടി നൽകാൻ നിർവ്വാഹമില്ലെന്നുമുള്ള എസ്.പി.ഐ.ഒയുടെ മൊഴി വിശ്വാസത്തിലെടുത്തുകൊണ്ട് ടി അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION